# പരിശുദ്ധാത്മാവ്

## അപ്പൊ.പ്രവൃത്തികൾ 19:2

**"നിങ്ങൾ വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ എന്ന് ചോദിച്ചതിനു പരിശുദ്ധാത്മാവ് ഉണ്ടെന്നുപോലും ഞങ്ങൾ കേട്ടിട്ടില്ല എന്നവർ പറഞ്ഞു."**

ആദിമസഭയിൽ പെന്തക്കോസ്തിനാളിൽ ചൊരിഞ്ഞ ആത്മ പകർച്ച എത്ര ശക്തവും, അതിശയിപ്പിക്കുന്നതുമായിരുന്നു. ദൈവിക വാഗ്ദത്വത്തിന്റെ ശക്തമായ പ്രകടനമായിരുന്നല്ലോ അത്. അതിന്റെ നിറവേറ്റലും പൂർത്തീകരണവും വിവിധ സഭകളിൽ നടക്കുകയും ദിനംപ്രതി വിശ്വസിച്ച് അനേകർ ദൈവസഭയോട് ചേരുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരു കാഴ്ചയാണ് നാം പിന്നീട് കാണുന്നത്. അങ്ങനെയൊരു സാഹചര്യത്തിൽ, അഥവാ സമൂഹത്തിൽ നിന്നും പൗലൂസിനു ലഭിച്ച ഒരു പ്രസ്താവനയാണ് നാം കുറിവാക്യത്തിൽ കണ്ടത്. അതേ, കർത്താവിൽ വിശ്വസിച്ച ചില ശിഷ്യന്മാരോടായിരുന്നു എഫേസൊസിൽ വച്ച് പൗലോസ് ഈ ചോദ്യം ചോദിക്കുന്നത്. 'നിങ്ങൾ പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?' ആത്മാവ് ഉണ്ടെന്നുപോലും കേട്ടിട്ടില്ല എത്ര ഖേദകരമായ മറുപടി.

ബാബേലിൽ തകർത്ത ഭാഷ, പെന്തക്കോസ്തിയിൽ അവൻ ഒരുമിപ്പിച്ചു. ഒരുമിപ്പിക്കുന്ന ശക്തിയായി, ഒരു ശരീരമായി സഭ തീരുന്ന അനുഭവത്തിലേക്ക് പരിശുദ്ധാത്മാവ് ഒരുക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ ആത്മാവിനെപ്പറ്റി പരിജ്ഞാനം ലഭിക്കാതിരുന്ന ജനം.

ഇന്നും സന്ദർഭങ്ങൾ ഏറെക്കുറെ ഇതുതന്നെ. കർത്താവിനെ രക്ഷിതാവും, കർത്താവും ആയി സ്വീകരിച്ച് കർതൃത്വം ഏൽപ്പിച്ചു കൊടുക്കുന്നവരാണെന്ന് നാം അവകാശപ്പെടുന്നവരാണ്. എന്നേക്കും കൂടെയിരിക്കുന്ന കാര്യസ്ഥനെ വാഗ്ദത്തപ്രകാരം നാം ഏറ്റെടുത്തവരുമാകാം. എന്നാൽ പരിജ്ഞാനപൂർത്തി പലപ്പോഴും പ്രകടമാകാത്ത ഒരു കാഴ്ച. പലപ്പോഴും ഈ ആത്മാവ് ഉണ്ടോ എന്നു പോലും ചിന്തിപ്പിക്കുന്ന അഥവാ തോന്നിപ്പിക്കുന്ന ഫലങ്ങളാണ് ഇന്ന് പുറപ്പെടുന്നത്. ഹൃദയത്തെ പൂർണ്ണമായി ഒന്ന് ശോധന ചെയ്യാൻ വചനം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം .

യേശുവിൽ വിശ്വസിക്കുന്നവൻ, പരിശുദ്ധാത്മാവിനെ പ്രാപിച്ചവനാണ്. അങ്ങനെയെങ്കിൽ പിന്നീട് ഒരു സംശയത്തിന് യാതൊരു വകയുമില്ല. ജീവിതത്തിന്റെ സകല ഇടപാടുകളും ആത്മാവിന്റെ സാന്നിദ്ധ്യം പ്രതിഫലിക്കുന്നതാകട്ടെ. ഇന്ന് ക്രിസ്ത്യാനി അഥവാ ശിഷ്യന്മാർ മറ്റു ജാതികളുടെ മുന്നിൽ ജീവിതത്തെ കാണിച്ചുകൊടുക്കുന്നതിൽ പരാജയപ്പെടുന്നു, കാരണം ആത്മാവെന്ന കാര്യസ്ഥനെ മാറ്റിനിർത്തി കാര്യങ്ങൾ ക്രമീകരിക്കുന്ന മനോഭാവം. നമുക്ക് ഏൽപ്പിച്ചു കൊടുക്കാം. ആത്മാവ് ഉണ്ടോ എന്നല്ല, മറിച്ച് ഉള്ളിലുള്ള

ആത്മാവിന്റെ എരിവ്, നിറവ്, പകർച്ച നമുക്കും, നമുക്കു ചുറ്റും ആളിപ്പടരുവാൻ ഓരോ ദൈവമക്കളെയും സഹായിക്കട്ടെ.

പരാമർശം :

ലൂക്കോസ് 11:13

അങ്ങനെ ദോഷികളായ നിങ്ങൾ നിങ്ങളുടെ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ സ്വർഗ്ഗസ്ഥനായ പിതാവു തന്നോടു യാചിക്കുന്നവർക്കു പരുശുദ്ധാത്മാവിനെ എത്ര അധികം കൊടുക്കും.

സിസ്റ്റർ ബിന്ദു റെജി അയ്മനം 050